# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 224** 18-06-2018 ൽ മറുപടിക്ക്

## അർഹരായ എല്ലാവർക്കും പട്ടയം

**ചോദ്യം**

ശ്രീ.സി. കെ. ശശീന്ദ്രൻ
ശ്രീ. എസ്.രാജേന്ദ്രൻ
ശ്രീ. മുരളി പെരുനെല്ലി
ശ്രീമതി.വീണാ ജോർജ്ജ്

**മറുപടി**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) എല്ലാവരെയും ഭൂമിയുടെ ഉടമകളാക്കുകയെന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെയടിസ്ഥാനത്തിൽ അർഹരായ എല്ലാവർക്കും പട്ടയം നൽകാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) 1960 ലെ കേരള ഭൂമി പതിവ് നിയമവും ആയത് അടിസ്ഥാനമാക്കിയുള്ള 1964 ലെയും 1995 ലെയും ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരവും, 1993 ലെ പ്രത്യേ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും അർഹരായവർക്ക് ഭൂമി പതിച്ച് നൽകുന്നുണ്ട്. കേരള ഭൂപരിഷ്കരണ നിയമം 1963 അനുസരിച്ച് മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുള്ള ഭൂമി ഭൂരഹിതർക്ക് പതിച്ച് നൽകുന്നുണ്ട്. കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 72 ബി പ്രകാരമുള്ള കുടിയാന്മ നിയമ പ്രകാരം ലാന്റ് ട്രൈബ്യൂണൽ വഴി പട്ടയം നൽകി വരുന്നു. ലാന്റ് ട്രൈബ്യൂണൽ വഴിയുള്ള പട്ടയ വിതരണം മുൻകാലങ്ങളെ അപേക്ഷിച്ച് വേഗത്തിലാക്കിയിട്ടുള്ളതും ലാന്റ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 62495 പട്ടയങ്ങൾ വിതരണം ചെയ്തു കഴിഞ്ഞു. ലാന്റ് ട്രൈബ്യൂണലുകളിൽ കെട്ടികിടന്ന 80,000 ഫയലുകൾക്ക് തീർപ്പ് കല്പിച്ചു. പട്ടയത്തിന് ലഭിക്കുന്ന അപേക്ഷകളിൽ അർഹരായവർക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ലാന്റ് അസൈമെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതും പട്ടയവിതരണം വേഗത്തിലാക്കുന്നതിന് നിശ്ചിത ഇടവേളകളിൽ പട്ടയമേളകൾ സംഘടിപ്പിച്ചു വരുന്നുമുണ്ട്. കൂടാതെ മറ്റ് വകുപ്പുകളുടെ ഭൂമി കൈവശം വച്ച് വരുന്നവർക്കും പട്ടയം നൽകുന്നതിനുവേണ്ടി, സംയുക്ത പരിശോധനാ നടപടികൾ ഊർജിതമാക്കി ബന്ധപ്പെട്ട വകുപ്പുകളുടെ എൻ.ഒ.സി ലഭ്യമാക്കി പട്ടയ വിതരണം പൂർത്തിയാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഭൂമിയുടെ മേൽ ദീർഘകാലമായി നിലനിൽക്കുന്ന അവകാശതർക്കങ്ങൾ പരിഹരിക്കുന്നതിനായി റീ സർവ്വേ നടത്താൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിശദമാക്കാമോ; | (ബി) | നിലവിലെ കൈവശവും റിക്കാർഡുകളും അനുസരിച്ചാണ് ഭൂമി റീ സർവ്വെ ചെയ്ത് റിക്കാർഡുകൾ തയ്യാറാക്കുന്നത്. റീസർവ്വെ പൂർത്തിയാകുന്ന മുറയ്ക്ക് ആ പ്രദേശത്തെ നാളിതീകരിച്ച സർവ്വെ റിക്കാർഡുകൾ ലഭ്യമാകുന്നതിനാൽ അതിർത്തി തർക്കങ്ങൾ നീതിയുക്തമായി പരിഹരിക്കുവാൻ സാധിക്കുന്നതാണ്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളുടെ റിസർവ്വെ പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) | ഡാറ്റാ ബാങ്കിലെ അപാകതകൾ പരിഹരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ചിട്ടുള്ള രണ്ടുലക്ഷത്തിലധികം അപേക്ഷകൾ തീർപ്പാക്കാത്തത് നിരവധി പാവപ്പെട്ടവരുടെ സ്വന്തമായി വീടെന്ന സ്വപ്നം യാഥാർത്ഥ്യമാകാതിരിക്കാൻ ഇടയാക്കിയിട്ടുള്ളതിനാൽ ഇത്തരം അപേക്ഷകളിൻമേൽ സത്വര നടപടിയെടുക്കാൻ വേണ്ട നിർദ്ദേശം നൽകുമോ? | (സി) | പ്രസിദ്ധീകരിക്കപ്പെട്ട ഡാറ്റാ ബാങ്കുകളെ സംബന്ധിച്ച് ധാരാളം പരാതികളും ആക്ഷേപങ്ങളും ഉയർന്നു വന്ന സാഹചര്യത്തിലും പ്രസിദ്ധപ്പെടുത്തിയ ഡാറ്റാ ബാങ്കുകളെ സംബന്ധിച്ച് ആക്ഷേപങ്ങൾ ബോധിപ്പിക്കുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ വ്യവസ്ഥ ഇല്ലാത്തതിനാലും, 4.4.2017 ലെ ബഹു. കേരള ഹൈക്കോടതിയുടെ ഡബ്ല്യു.എ -571/2017 നമ്പ്ർ കേസിൽ ഇക്കാര്യം പരിശോധിക്കണമെന്ന് ഉത്തരവായ സാഹചര്യത്തിലും ഡാറ്റാ ബാങ്കുകളിലെ തെറ്റായ വിവരംമൂലം സങ്കടം അനുഭവിക്കുന്ന വ്യക്തികൾക്ക് പുന:പരിശോധന അപേക്ഷ സമർപ്പിക്കുന്ന ഡാറ്റാ ബാങ്ക് പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നതിനും വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ട് 30.05.2017 ലെ സ.ഉ (പി) നമ്പർ 34/2017/റവന്യൂ നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതു പ്രകാരം 2.18.382 അപേക്ഷകൾ പ്രാദേശിക നിരീക്ഷണ സമിതി കൺവീനറായ കൃഷി ഓഫീസർമാർക്ക് ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ 19.824 എണ്ണത്തിൽ സ്ഥലപരിശോധന നടത്തുകയും അവയിൽ 11987 എണ്ണം ശാസ്ത്രീയപരിശോധനക്കായി KSREC യക്ക് കൈമാറുകയും അതിൽ 3715 എണ്ണത്തിന്റെ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവയുടെ റിപ്പോർട്ട് കൂടി ലഭ്യമായ ഉടൻ തന്നെ ഡാറ്റാ ബാങ്ക് ക്രോഡീകരിച്ച് പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**